# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മറയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ. നം.13/765/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ. നം.13/765/21 തീയ്യതി: 30/09/2021

## ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-03-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 12-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 12-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി മരുൺ മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിബി ഇ.വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അഭിലാഷ് എം.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആരോഗ്യദാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പി.വിജയ കുമാർ | സെക്രട്ടറി | 01-04-2019 | 30-06-2019 |
| ശ്രീ.പി.ജബരാജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2019 | 11-07-2019 |
| ശ്രീ.രഞ്ജിത്ത് വി | സെക്രട്ടറി | 12-07-2019 | 20-12-2019 |
| ശ്രീ.പി.ജബരാജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-12-2019 | 26-01-2020 |
| ശ്രീ.സോണി മാത്യു | സെക്രട്ടറി | 27-01-2020 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രിയ പീറ്റർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സൂരജ് വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.മെൽബി അഗസ്റ്റിൻ | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീ.സുനിൽ കുമാർ എ | വി.ഇ.ഓ (ബാബു നഗർ സർക്കിൾ) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഷെഫീന പി.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.രഞ്ജിനി മാത്യു | ആയുർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2019 | 22-08-2019 |
| ഡോ.ശ്രീദർശൻ കെ.എസ് | ആയുർവ്വേദം,മെഡിക്കൽ ഓഫീസർ | 23-08-2019 | 31-03-2020 |
| ഡോ.പീറ്റർ ജോസഫ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-01-2020 |
| ഡോ.റീമാലക്ഷ്മി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-02-2020 | 31-03-2020 |
| ശ്രീമതി.ശ്രീലത വി.സി | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 30-06-2020 |
| ശ്രീ.സുജിത്ത് പി.രാഘവൻ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-07-2019 | 31-03-2020 |
| ശ്രീ.പി.ജബരാജ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.റാണി .സി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ഡോ.ശ്യാം ചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2019 | 30-06-2019 |
| ഡോ.സ്വാതി സോമൻ | വെറ്ററിനറി സർജൻ | 01-07-2019 | 03-07-2019 |
| ഡോ.പ്രഫുൽ. പി | വെറ്ററിനറി സർജൻ | 04-07-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 11-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Marun Mathew (Asst. Audit Officer, On 10-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 18-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Marun Mathew (Asst. Audit Officer, On 11-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 18-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 10-08-2021)<br>Last Updated By: Jomon Francis (Senior Grade Auditor, On 30-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Susaniamma Thomas (Audit Officer, On 12-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.V.Gibi (Asst. Audit Officer, On 13-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 20-09-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 11-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 18-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Susaniamma Thomas (Audit Officer, On 11-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 18-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 18-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 13-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-11 |
| 12 | ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തക പഞ്ചായത്ത് ഫണ്ടിൽ വരവ് ഇല്ല<br>Written By: E.V.Gibi (Asst. Audit Officer, On 15-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 20-09-2021) | 1-12 |
| 13 | വസ്തു നികുതി ഫയലുകൾ-ഹാജാരാക്കിയില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 20-09-2021) | 1-13 |
| 14 | വാടക ഈടാക്കിയില്ല നഷ്ടം ₹33460/-<br>Written By: M.K.Abhilash (Asst. Audit Officer, On 12-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-14 |
| 15 | ഐ.കെ.എം വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Joseph Chacko (Asst. Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 20-09-2021) | 1-15 |
| 16 | ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത- നഷ്ടം ₹66000/-, തടസ്സം ₹ 234000/-<br>Written By: E.V.Gibi (Asst. Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-16 |
| 17 | എസ്.എസ്.എ വിഹിതം നൽകിയത് രേഖകൾ ഹാജരാക്കിയില്ല<br>Written By: Joseph Chacko (Asst. Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-17 |
| 18 | ഖരമാലിന്യ പരിപാലനം, നീക്കം ചെയ്യൽ, നിർമ്മാർജനം - പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Joseph Chacko (Asst. Audit Officer, On 12-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-18 |
| 19 | കുടിവെള്ള വിതരണം പദ്ധതി -പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Joseph Chacko (Asst. Audit Officer, On 12-08-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-19 |
| 20 | തെരുവു വിളക്കുകളുടെ വൈദ്യുതി ബിൽ ഒടുക്കൽ -പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Joseph Chacko (Asst. Audit Officer, On 12-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-20 |
| 21 | കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട തുക -പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Joseph Chacko (Asst. Audit Officer, On 12-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-21 |
| 22 | അപകടകരമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള പദ്ധതി - പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |

| | | |
|---|---|---|
| | Written By: Joseph Chacko (Asst. Audit Officer, On 12-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | |
| 23 | വൃദ്ധർക്ക് കട്ടിൽ - പട്ടിക വർഗ്ഗം - ടെണ്ടർ നടപടി ക്രമങ്ങളിൽ വീഴ്ച<br>Written By: E.V.Gibi (Asst. Audit Officer, On 29-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-23 |
| 24 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Marun Mathew (Asst. Audit Officer, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | 1-24 |
| 25 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Susaniamma Thomas (Audit Officer, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | 1-25 |
| 26 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം - ഫലപ്രദമല്ല<br>Written By: Susaniamma Thomas (Audit Officer, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 22-09-2021) | 1-26 |
| 27 | വാർഷിക പ്രൊക്യുർമെന്റ് സംബന്ധിച്ച്<br>Written By: Susaniamma Thomas (Audit Officer, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 1-27 |
| 28 | ദുരിതാശ്വാസ നിധി<br>Written By: Susaniamma Thomas (Audit Officer, On 16-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-28 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല.<br>Written By: E.V.Gibi (Asst. Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | 1-29 |
| | **ഭാഗം 2** | |
| 1 | വാടക ഈടാക്കിയില്ല നഷ്ടം ₹33460/-.<br>Written By: M.K.Abhilash (Asst. Audit Officer, On 26-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | 2-1 |
| | **ഭാഗം 3** | |
| 1 | ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത- നഷ്ടം ₹66000/-<br>Written By: E.V.Gibi (Asst. Audit Officer, On 20-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 22-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 11-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 22-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 22-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-09-2021) | 4-8 |
| 9 | ചാർജ് / സർച്ചാർജ് നടപടികളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 11-08-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

8.02.2019-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 21.02.2019-ലെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹303441678/- വരവും ₹300617000/- ചെലവും ₹2824678/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 12.02.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 7-1 തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20.02.2019-ൽ ബജറ്റും 04.02.2020-ൽ പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ്, ഫയൽ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2019-20-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|
| 1 | നികുതി വരവുകൾ | 5176000 | 3771771 | 1404229 |
| | വസ്തുനികുതി | 3500000 | 2426151 | 1073849 |
| | തൊഴിൽ നികുതി | 1600000 | 1345620 | 254380 |
| | പരസ്യ നികുതി | 6000 | 0 | 6000 |
| | വിനോദ നികുതി | 70000 | 0 | 70000 |
| 2 | നികുതിയിതര വരവുകൾ | 3916000 | 2580277 | 1335723 |
| | വാടക | 785000 | 727366 | 57634 |
| | ലൈസൻസ് | 1085000 | 1005817 | 79183 |
| | സെയിൽ ,ഹയർ ചാർജ് | 271000 | 586330 | 315330 |
| | പലിശ | 150000 | 52625 | 97375 |
| | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 9617000 | 9326068 | 290932 |
| | ഭരണ ചെലവുകൾ | 1141000 | 1293616 | 152616 |
| | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2434000 | 2890825 | 456825 |
| | പലിശയും അനുബന്ധ ചെലവുകളും | 1602000 | 2254 | 1599746 |

(അവലംബം-2019-20 പുതുക്കിയ ബജറ്റ്, വാർഷിക കണക്ക് 2019-20)

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|
| | | | |

| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 17.06.2020 | | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22618544 |
| വരവ് | 159191156 |
| ആകെ | 181809700 |
| ചെലവ് | 155434436 |
| നീക്കിയിരിപ്പ്- | 26375264 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 15381000 | 15381000 | 15024980 | 356020 |
| | എസ്.സി.പി | 0 | 10300000 | 10300000 | 8345787 | 1954213 |
| | റ്റി.എസ്.പി | 0 | 8027000 | 8027000 | 6113271 | 1913729 |
| സി.എഫ്.സി ഗ്രാന്റ് | അൺറ്റൈഡ് ബേസിക് ഗ്രാന്റ് | 0 | 11758899 | 11758899 | 3043375 | 8715524 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 24927000 | 24927000 | 5315498 | 1961150 |
| | റോഡിതരം | 0 | 4206000 | 4206000 | 1895449 | 2310551 |
| തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | 0 | 49515788 | 49515788 | 49515788 | 0 |
| | അഡ്മിനിസ്ട്രേഷൻ | 49040 | 1570186 | 1619226 | 1613974 | 5252 |
| ഐ.സി.ഡി.എസ് | | 204234 | 843989 | 1048223 | 431473 | 616750 |
| ടോട്ടൽ സാനിറ്റേഷൻ | | 1235750 | 99000 | 1334750 | 215488 | 1119262 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | | 154270 | 0 | 154270 | 0 | 154270 |
| ഓർഗാനിക് പഞ്ചായത്ത് അവാർഡ് | | 0 | 300000 | 300000 | 0 | 300000 |
| പട്ടിക വർഗ്ഗ കോർപസ് ഫണ്ട് | | 14039041 | 0 | 14039041 | 2031952 | 12007089 |
| പ്രളയ ദുരിതാശ്വാസ സംഭാവന | | 51668 | 110475 | 162143 | 81486 | 80657 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 449752 | 0 | 449752 | 0 | 449752 |
| ജലനിധി | | 4784372 | 2896595 | 7680967 | 1732848.50 | 5948118.50 |
| ആയുർ വേദ ആശുപത്രി അറ്റകുറ്റപ്പണി ഗ്രാന്റ് | | 0 | 297271 | 297271 | 0 | 297271 |
| ലൈഫ് മിഷൻ ലോൺ സ്റ്റേറ്റ്മെന്റ് | | 1327038 | 24204903 | 25531941 | 19795654 | 5736287 |

വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ് സി പി എന്നിവയ്ക്ക് സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. സംരക്ഷണ ഗ്രാന്റ് റോഡ് സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവുതുകയാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 224175171 | 104 | 112780375 | 0 | 76 | 57.77 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ | ചെലവ് | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|
| 1.സെക്രട്ടറി | 32 | 27 | 15461758 | 13946482 | 5 | 90.19 |
| 2.അസി.എൻജി | 106 | 46 | 47832839 | 13315224 | 60 | 27.83 |
| 3.വെറ്ററിനറി സർജൻ | 2 | 2 | 295000 | 274229 | 0 | 92.95 |
| 4.കൃഷി ഓഫീസർ | 5 | 2 | 1096001 | 290000 | 3 | 26.45 |
| 5. ഐ സി ഡി എസ് | 7 | 6 | 3762768 | 2952728 | 1 | 78.47 |
| 6. എം.ഒ സിഎച്ച് സി | 2 | 2 | 687571 | 487571 | 0 | 70.91 |
| 7. വി.ഇ.ഒ | 4 | 4 | 89612000 | 38237630 | 0 | 42.67 |
| 8.എം.ഒ ആയൂർവ്വേദം | 2 | 2 | 380000 | 379962 | 0 | 99.99 |

| | | | | | | |
|---|---|---|---|---|---|---|
| 9.ഹെഡ്മാസ്റ്റർ | 6 | 4 | 1040493 | 546286 | 2 | 52.11 |
| 10.ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1500000 | 400000 | 0 | 26.66 |
| 11.അസി.സെക്രട്ടറി | 12 | 7 | 62506741 | 41950263 | 5 | 67.11 |
| ആകെ | 180 | 104 | 224175171 | 112780375 | 76 | 57.77 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49040 | 1570186 | 1619226 | 1613974 | 5252 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 49515788 | 49515788 | 49515788 | 0 |

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 112200 | 20 |
| വിധവാപെൻഷൻ | 2640000 | 464 |
| വാർദ്ധക്യകാലപെൻഷൻ | 9053700 | 1594 |
| വികലാംഗപെൻഷൻ | 639100 | 110 |
| അവിവാഹിതർക്കുള്ള പെൻഷൻ | 3600 | 1 |

1-7-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 580/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോടു കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ്

വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.04.2021 | 05/2020 മുതൽ 02 /2021 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 മുതൽ 12.02.2016 വരെ | 2014-15 | 28.07.2016 |

1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വസ്തു നികുതി വാർഷിക കണക്കുകളിലെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ സഞ്ചയയിലെ തുകകളുമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്കുകൾ പ്രകാരം | | | രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ (അഡ്വാൻസ് ഉൾപ്പെടെ) | ബാലൻസ് | ഡിമാന്റ് | കളക്ഷൻ (അഡ്വാൻസ് ഉൾപ്പെടെ) | ബാലൻസ് |
| വസ്തുനികുതി (തൻവർഷം) | 2426151 | 1570220 | 634040 | 115170 | 60239 | 47905 |
| വസ്തുനികുതി (കുടിശ്ശിക) | - | 188332 | 662585 | 142700 | 1341 | 141360 |

2. തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

3. 2019-20 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹6161897/- രേഖപ്പെടുത്തിയിട്ടുള്ളത് അക്കൗണ്ട്സ് മാന്വൽ പ്രകാരമല്ല.

4. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷികകണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

5. കെ.യു.ആർ.ഡി.എഫ്.സി ലോൺ രജിസ്റ്റർ, ജവഹർ ലോൺ രജിസ്റ്റർ എന്നിവ കൃത്യതയോടെ പരിപാലിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ബി-5 ഷെഡ്യൂളിൽ കൊടുത്തിരിക്കുന്ന രൂ.102682568/-യുടെ കൃത്യത വ്യക്തമല്ല.

6. മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് 1414937 ആയിരിക്കെ ബാലൻസ്ഷീറ്റ് ബി-18 ഷെഡ്യൂളിൽ കൊടുത്തിരിക്കുന്ന നീക്കിയിരിപ്പ് ₹1432237/-യാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

7.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് ഐ 18 ൽ പ്രീപെയ്ഡ് എക്സ്പെൻഡിച്ചർ എന്ന ഇനത്തിൽ 4839722/-കാണിച്ചിരിക്കുന്നു. എന്നാൽ ആയതിന് ഉപോൽബലകമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
8) സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-12 ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തക പഞ്ചായത്ത് ഫണ്ടിൽ വരവ് ഇല്ല

2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ഇ-ടെണ്ടർ നടത്തിയിട്ടുള്ള പദ്ധതികളുടെ ടെണ്ടർ ഫാറം വില ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് വരവ് വന്നിട്ടുള്ളത്.

പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ടെണ്ടർ ഫോറം വില |
|---|---|---|---|---|
| 1 | 39/19 | കവക്കടി അംഗൻവാടി നിർമ്മാണം | 133905 | 2975 |
| 2 | 23/19 | മറയൂർ ജി.എൽ.പി.എസ്. പതിയ ക്ലാസ് മുറി നിർമ്മാണം | 103584 | 2975 |
| 3 | 44/20 | ജവഹർ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 1517794 | 2975 |
| 4 | 32/20 | ബാബു നഗർ കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 1249914 | 2975 |
| 6 | 33/20 | നാച്ചിവയൽ കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 1517117 | 2975 |
| 7 | 28/20 | പുറവയൽ പാലം നിർമ്മാണം | 1200000 | 2975 |
| 8 | 94/20 | പഞ്ചായത്ത് അംഗൻവാടികൾ പുനരുദ്ധാരണം | 700000 | 1666 |

സാമ്പത്തിക വർഷം ഇ-ടെണ്ടർ നടപടിയിലൂടെ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതും ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വന്നിട്ടുള്ളതുമായ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-13 വസ്തു നികുതി ഫയലുകൾ-ഹാജരാക്കിയില്ല

തൻ വർഷത്തെ വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകൾ ഫയലുകൾ , അസ്സസ്മെന്റ് മുതലായവ പരിശോധനയക്ക് ഹാജരാക്കിയില്ല. ആയത് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം. 30 തീയതി 12.08.2021) നൽകിയെങ്കിലും മറുപടിയോ ഫയലുകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറി അവഗണിച്ച് ഫയലുകൾ ഹാജരാക്കാത്തത് നിരുത്തരവാദപരമായ കൃത്യവിലോപമായി വിലയിരുത്തുന്നു. ഫയലുകൾ തയ്യാറാക്കി പരിശോധനയക്ക് ഹാജരാക്കേണ്ടതാണ്.

### 1-14 വാടക ഈടാക്കിയില്ല നഷ്ടം ₹33460/-

മറയൂർ ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുത്തതിൽ താഴെ പരാമർശിക്കുന്ന വാടകക്കാർ തുക അടവാക്കാത്തതിനാൽ നഷ്ടം വന്നതായി കാണുന്നു.

| ക്രമ നം | വാടകക്കാർ | മുറി നം & പ്രതിമാസ വാടക | മുടക്ക് വരുത്തിയ മാസം | കുടിശിക തുക ₹ |
|---|---|---|---|---|
| 1 | ശ്രീ. ജോയ്സ് ജോൺ, കോട്ടക്കുളം, മാശിവയൽ, മറയൂർ | മുറി നം : 11<br>₹2205 | 4/2019 മുതൽ 3/2020 വരെ | 26460 |
| 2 | ശ്രീ രാജേന്ദ്രൻ, ബാലാജിഭവൻ, പട്ടിക്കാട് മറയൂർ | മുറി നം : 12<br>₹3500 | 02/2020 മുതൽ 3/2020 വരെ | 7000 |
| ആകെ | | | | 33460 |

മേൽ വാടകക്കാരുടെ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം.29 തീയതി: 12.08.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിശികക്കാരിൽ നിന്നും പ്രസ്തുത തുക 18% ജി.എസ്.റ്റി 1% പ്രളയസെസ്, നിയമാനുസൃത പലിശ എന്നിവ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഖണ്ഡിക 2-1 കണ്ടാലും.

### 1-15 ഐ.കെ.എം വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| ബിൽ നമ്പർ/തിയതി | തുക |
|---|---|
| 10/19-20/19.08.2019 | 113000 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഐ.കെ.എം വിഹിതം നൽകൽ പദ്ധതിയിൽ മേൽ സൂചിത ബിൽ പ്രകാരം 113000/- ഇൻഫർമേഷൻ കേരളാ മിഷന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായും തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. പ്രസ്തുത ചെലവഴിച്ച തുക ₹113000/- തടസ്സപ്പെടുത്തുന്നു.

### 1-16 ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത- നഷ്ടം ₹66000/-, തടസ്സം ₹ 234000/-

| | |
|---|---|
| പ്രോജക്ട് | S0179/19, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹300000/- (വികസന ഫണ്ട് എസ്.സി.പി.) |
| ബിൽ നം./ തീയതി /തുക | 191003520138000039580 /05.04.2019/₹300000/- |

2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തതും 2019-20 ൽ നടപ്പാക്കിയതുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) എന്ന പദ്ധതി പ്രകാരം മേശയും കസേരയും വാങ്ങുന്നതിനായി "മേശയും കസേരയും യൂണിറ്റിന് ₹5000/- താഴെയുള്ളത് സ്റ്റീൽ/ഗുണമേന്മയുള്ള പ്ലൈവുഡ്" എന്ന് രേഖപ്പെടുത്തിയാണ് 26.01.2019-ൽ ടെണ്ടർ ക്ഷണിച്ചത്. ആയതിന് താഴെ പറയും പ്രകാരം ടെണ്ടർ ലഭിച്ചു.

| ക്രമ നം. | സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|---|
| 1 | ജെയ്സൺ ഇംപക്സ്, മുത്തോലി | Steel Table With Novapan Top With 3 Year Warranty, | ₹3400/-<br>₹ 1150/- |

| | | | |
|---|---|---|---|
| | | സ്റ്റീൽ കസേര | |
| 2 | ഒലീവിയ ഹോം വേൾഡ്, ഇരുമ്പുപാലം | Fully Novapan With Cuboad പ്ലാസ്റ്റിക് കസേര | ₹ 4500- ₹500/- |

ലഭിച്ച ടെണ്ടറിൽ ജെയ്സൺ ഇംപെക്സ് എന്ന സ്ഥാപനം Steel Table With Novapan Top (3 Year Warranty) എന്ന ഇനത്തിന് ₹3400/-യും സ്റ്റീൽ കസേര ₹1150/- ക്വോട്ട് ചെയ്തിട്ടും ആയത് പരിഗണിക്കാതെ ഒലീവിയ ഹോം വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും Fully Novapan With Cabord എന്ന മേശ ₹4500/- യ്ക്കും ഗുണനിലവാരം താരതമ്യേന കുറഞ്ഞ പ്ലാസ്റ്റിക് കസേര ₹500/- നിരക്കിലും സമർപ്പിച്ചത് 12.02.2019-ൽ പ്രോക്യൂർമെന്റ് കമ്മിറ്റിയും 16.02.2019-ലെ (തീരുമാന നമ്പർ 1(4)) പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചിരിക്കുകയും 60 മേശയും 60 പ്ലാസ്റ്റിക് കസേരയും വാങ്ങൽ നടത്തുകയും ചെയ്തിരിക്കുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഫർണിച്ചർ പരിശോധിക്കുവാൻ ക്ഷമതയുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടില്ല. താരതമ്യേന ബലവും ഈടും കൂടിയതും കുറഞ്ഞ വില രേഖപ്പെടുത്തിയതുമായ സ്റ്റീൽ മേശ വാങ്ങാതെ ടെണ്ടർ പരസ്യത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്ലാസ്റ്റിക് കസേരയും, തണുപ്പുള്ള പ്രദേശങ്ങളിൽ കൂടുതൽ വേഗത്തിൽ നശിച്ചു പോകുവാൻ സാദ്ധ്യതയുള്ളതും വില കൂടിയതുമായ നൊവോപാൻ നിർമ്മിതമായ മേശ വാങ്ങുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. സ്റ്റീൽ കസേരയ്ക്ക് പകരം വിലകുറവുള്ള കസേര വാങ്ങിയതിനാൽ കുറഞ്ഞ വിലയുടെ കസേര എന്നത് സാമ്പത്തിക ലാഭം പരിഗണിക്കേണ്ടതില്ല. എന്നാൽ ₹3400/-യുടെ കൂടുതൽ കാലം ഈട് നിൽക്കുന്ന സ്റ്റീൽ മേശയ്ക്ക് പകരം ₹ 4500/- യുടെ ഈർപ്പം/തണുപ്പുള്ള പ്രദേശങ്ങളിൽ വേഗത്തിൽ കേടുപാടുകൾ സംഭവിക്കാവുന്ന Fully Novapan With Cuboard മേശ വാങ്ങിയതുമൂലം ഒരു മേശയ്ക്ക് ₹1100/- നിരക്കിൽ 60 മേശയ്ക്ക് ആകെ ₹66000/- അധികമായി നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 09.08.2021-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 08) ലഭ്യമാക്കിയ മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും തീരുമാനപ്രകാരമാണ് ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം അധികമായി ചെലവഴിച്ച തുക കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റിയംഗങ്ങൾക്കും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിക്കും തുല്യ ബാദ്ധ്യതയായി കണക്കാക്കി നഷ്ടതുക തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ കൂടിയ നിരക്കിൽ വാങ്ങിയതിനാൽ ആകെ ചെലവിൽ 66000/- രൂ കിഴിച്ച് ബാക്കി ചെലവ് 2,34,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-17 എസ്.എസ്.എ വിഹിതം നൽകിയത് രേഖകൾ ഹാജരാക്കിയില്ല</u>

| | |
|---|---|
| ബിൽ നം./തീയതി/തുക | 03/19-20/16.08.2019/ ₹100000<br>04/19-20/10.08.2019/ ₹300000<br>06/19-20/16.08.2019/200000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം എസ്.എസ്.എ. വിഹിതം ഒടുക്കുന്നതിലേക്കായി പ്രോജക്ട് ആവിഷ്കരിക്കുകയും ₹600000/- എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ചെലവഴിക്കാനുദ്ദേശിക്കുന്ന തുക, പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്നിവ വ്യക്തമാക്കുകയോ പ്രസ്തുത ചെലവിന് ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുകയുടെ കൃത്യത വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് ഓഫീസർ നൽകിയ ₹600000/- വിനിയോഗിച്ചു എന്നു മാത്രം രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്. ആകെ പ്രതീക്ഷിത ചെലവ്, ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുക എന്നിവ വ്യക്തമാക്കിയ ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല. ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ചു എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹600000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>1-18 ഖരമാലിന്യ പരിപാലനം, നീക്കം ചെയ്യൽ, നിർമ്മാർജനം - പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| പദ്ധതി | ഖരമാലിന്യ പരിപാലനം, നീക്കം ചെയ്യൽ, നിർമ്മാർജനം (12/20) |
| അടങ്കൽ | 632580/- |
| ചെലവ് (വികസന ഫണ്ട് ജനറൽ) | 1. ബിൽ നം.5/2019-20/7.6.19/72450/-<br>(6 പേർക്ക് നൽകിയത്)<br>2. ബിൽ നം.7/2019-20/7.6.19/12700/-<br>(10850/- ഷൺമുഖത്തിന് നൽകിയത്)<br>(115850/- തനതുഫണ്ടിൽ നിക്ഷേപിച്ചത്)<br>3. ബിൽ നം.12/2019-20/16.8.19/62705/-<br>(5 പേർക്ക് നൽകിയത്)<br>4. ബിൽ നം.16/2019-20/6.9.19/62705/-<br>(5 പേർക്ക് നൽകിയത്)<br>5.ബിൽ നം.38/2019-20/12.2.20/122610/-<br>(തനതുഫണ്ടിൽ നിക്ഷേപിച്ചത്) |

| | |
|---|---|
| | 6.ബിൽ നം.42/2019-20/13.3.20/62705/-<br>(തനതുഫണ്ടിൽ നിക്ഷേപിച്ചത്)<br>7.ബിൽ നം.47/2019-20/13.3.20/60000/-<br>(തനതുഫണ്ടിൽ നിക്ഷേപിച്ചത്)<br>---------------------------------------------<br>ആകെ - 569875/- |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പദ്ധതിയിൽ ഖരമാലിന്യ പരിപാലനം, നീക്കം ചെയ്യൽ, നിർമ്മാർജനം, കക്കൂസ് മാലിന്യം നീക്കം ചെയ്യൽ, തൊഴിലാളികൾക്ക് വേതനം, ഡ്രൈവർക്ക് വേതനം, ഇന്ധന ചെലവ് എന്നിവയ്ക്കാണ് തുക വകയിരുത്തിയിരുന്നത്. ഈ പദ്ധതിയുടെ ചെലവിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. തുക പിൻവലിച്ച ട്രഷറി പ്രൊസീഡിംഗ്സ് മാത്രമാണ് ഫയലിലുള്ളത്, മറ്റ് വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. ഖരമാലിന്യ പരിപാലനം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട്, തൊഴിലാളികളുടെ വിവരങ്ങൾ, മസ്റ്റർ റോൾ, തുകയുടെ കൈപ്പറ്റ് വിവരങ്ങൾ, വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ്, ഡ്രൈവർക്ക് വേതനം നൽകിയ വിവരങ്ങൾ, ഇന്ധനത്തിന് വന്ന ചെലവ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2. തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് 361165/- നിക്ഷേപിച്ചതായി കാണുന്നു. ആയതിന് കാരണം അറിയിച്ചിട്ടില്ല.

3. ഈ പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

4. മാലിന്യങ്ങൾ എവിടെ നിന്ന് ശേഖരിക്കുന്നുവെന്നും എവിടെ നിക്ഷേപിക്കുന്നുവെന്നും എങ്ങിനെയാണ് നിർമ്മാർജനം ചെയ്യുന്നതെന്നും, തുടങ്ങിയ വിവരങ്ങൾ അറിയാൻ കഴിഞ്ഞിട്ടില്ല.

മേൽ വിവരങ്ങളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹569875/- തടസ്സപ്പെടുത്തുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/10.08.2021-ന് മറുപടി ലഭ്യമാക്കിയില്ല.

1-19 കുടിവെള്ള വിതരണം പദ്ധതി -പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | കുടിവെള്ള വിതരണം (196/20) |
| അടങ്കൽ (തനത് ഫണ്ട് ) | 10,00,000/- |
| ചെലവ് (തനത് ഫണ്ട് ) | വൗച്ചർ നം. /24.12.19/400424/-<br>വൗച്ചർ നം. /24.12.19/60000/-<br>വൗച്ചർ നം. /24.12.19/150000/-<br>--------------------------------<br>ആകെ – 610424/- |
| നിർവ്വഹണം | സെക്രട്ടറി |

വരൾച്ച ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് മറയൂർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് ടെന്റർ ക്ഷണിച്ച് സുബീഷ് , ദിണ്ഡികൊമ്പ് എന്നയാൾക്ക് കരാർ നൽകിയിരുന്നു. 11.4.2019-ലെ 2(1) കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്തിലെ എല്ലാ സ്ഥലത്തും ഒരു ലോഡ് (5000 ലിറ്റർ) കുടിവെള്ളം എത്തിക്കുന്നതിന് 2400/- നിരക്കിലാണ് കരാർ ഉറപ്പിച്ചിരുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. ഏതൊക്കെ വാർഡുകളിൽ, ഏത് ദിവസങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തുവെന്ന വിവരം ലഭ്യമായിട്ടില്ല. മറയൂർ ഗ്രാമ പഞ്ചായത്തിന്റെ കുടിവെള്ളവിതരണം ജലനിധിയെ ഏൽപ്പിച്ചിട്ടുള്ളതാകുന്നു. എന്നാൽ കുടിവെള്ള വിതരണത്തിനായി 7 ലക്ഷത്തിൽപരം തുക ചെലവഴിച്ചിട്ടുണ്ട്. ജലനിധിപ്രവർത്തനവുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമായിട്ടില്ല. 30.09.2020-ലെ 14-ാം നമ്പർ തീരുമാനപ്രകാരം മറയൂർ ഗ്രാമം, ഇന്ദിരാ നഗർ എന്നിവ ജലനിധി പ്രോജക്ടുകൾ പൂർത്തിയാക്കിയതിനാൽ എക്സിറ്റ് ചെയ്യാനുള്ള അനുമതി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. ജലനിധി പ്രവർത്തനംമൂലം പ്രയോജനം ലഭിച്ചിട്ടില്ലയെങ്കിൽ ആയത് അന്വേഷണ വിധേയമാക്കേണ്ടതാണ്.
രേഖകളുടെ അഭാവത്തിൽ 610424/-ന്റെ ചെലവ് തടസപ്പെടുത്തുന്നു.

1-20 തെരുവു വിളക്കുകളുടെ വൈദ്യുതി ബിൽ ഒടുക്കൽ -പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | തെരുവു വിളക്കുകളുടെ വൈദ്യുതി ബിൽ ഒടുക്കൽ (89/20) |
| അടങ്കൽ | 600000/- |
| ചെലവ് (വികസന ഫണ്ട് ജനറൽ) | ബിൽ നം.19100352013700728838/24.10.2019/ 341489/-<br>ബിൽ നം.19100352013700766249/01.11.2019/ 54298/- |

| | |
|---|---|
| | ബിൽ നം.19100352013701093195/17.01.2020/ 192654/-<br>---------------------------<br>ആകെ - 588441/- |
| നിർവ്വഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം 588441/- പിൻവലിച്ച് തനതു ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച് മറ്റ് വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല. തുക തനതുഫണ്ടിൽ തിരികെ നിക്ഷേപിച്ചതാണെങ്കിൽ ഈ ഇനത്തിൽ മുൻകാലങ്ങളിൽ ചെലവ് വന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ ₹588441/-ന്റെ ചെലവ് തടസപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11/10.8.2021-ന് മറുപടി ലഭ്യമല്ല.

<u>1-21 കേരള ജല അതോരിറ്റിക്ക് അടയ്ക്കേണ്ട തുക -പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| പദ്ധതി | കേരള ജല അതോരിറ്റിക്ക് അടയ്ക്കേണ്ട തുക (136/20) |
| അടങ്കൽ | 10,00,000/- |
| ചെലവ് (വികസന ഫണ്ട് ജനറൽ) | ബിൽ നം.19100352013700035183/5.4.2019/ 1000000/- |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പദ്ധതി പ്രകാരം₹ 10,00,000/- പിൻവലിച്ച് കേരള ജല അതോരിറ്റിക്ക് നൽകിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച് മറ്റ് വിവരങ്ങൾ ലഭ്യമല്ല. താഴെപ്പറയുന്ന രേഖകളുടെ അഭാവത്തിൽ ₹1000000/- ചെലവ് തടസ്സപ്പെടുത്തുന്നു.

1.കേരള ജല അതോരിറ്റിയുടെ ഡിമാന്റ് നോട്ടീസ്,

2. മുന്നിരിപ്പ് കുടിശിക, നീക്കിയിരിപ്പ് എന്നിവയുടെ വിവരങ്ങൾ,

3. കുടിശിക വരാനുണ്ടായ കാരണം,

4. പൊതുടാപ്പുകളുടെ രജിസ്റ്റർ, കേരള ജല അതോരിറ്റിയുമായുള്ള സംയുക്ത പരിശോധന റിപ്പോർട്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/10.8.21)മറുപടി ലഭ്യമാക്കിയില്ല. ഈ ചെലവ് പൊതുടാപ്പുകളുടെ കുടിശികയാണെന്ന് രേഖാമൂലമല്ലാതെ അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കി ₹10,00,000/- ന്റെ ചെലവ് തടസം ഒഴിവാക്കേണ്ടതാണ്.

<u>1-22 അപകടകരമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള പദ്ധതി - പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| പദ്ധതി | അപകടകരമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള പദ്ധതി (158/20) |
| അടങ്കൽ(വികസന ഫണ്ട് ജനറൽ) | 2,00,000/- |
| ചെലവ് (വികസന ഫണ്ട് ജനറൽ) | ബിൽ നം.19100352013701092614/16.1.2020/ 2,00,000/- |
| നിർവ്വഹണം | സെക്രട്ടറി |

അപകടകരമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി മേൽ ബിൽ പ്രകാരം 200000/- ഇലക്ട്രിസിറ്റി ബോർഡിന് നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച മറ്റ് വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പദ്ധതിയ്ക്കായി തുക ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചതായി വാർഷികധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ₹200000/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 വൃദ്ധർക്ക് കട്ടിൽ - പട്ടിക വർഗ്ഗം - ടെണ്ടർ നടപടി ക്രമങ്ങളിൽ വീഴ്ച

| | |
|---|---|
| പ്രോജക്ട് | S056/20, വൃദ്ധർക്ക് കട്ടിൽ - പട്ടിക വർഗ്ഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹4,90,000/- (വികസന ഫണ്ട് ടി.എസ്.പി.) |
| ബിൽ നം./തീയതി /തക | 191003513800692367/16.10.2019/₹4,90,000/- |

അസിസ്റ്റന്റ് സക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഏറ്റെടുത്തതും 2019-20-ൽ നിർവ്വഹണം നടത്തിയതുമായ മേൽ പദ്ധതിക്കായി 10-10-2018 എ-2/89/2018 നമ്പർ ടെണ്ടർ നോട്ടീസിൽ " യൂണിറ്റ് ചെലവ് ₹4,350/- യിൽ അധികരിക്കാതെ 1.8 മീറ്റർ നീളവും 90 സെ.മീ. വീതിയും മുൻകാലിന് 60 സെ.മീ., പിൻകാലിന് 50 സെ.മീ. , 8 മില്ലീമീറ്റർ കനവുമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ സ്റ്റീലിൽ പണിത കട്ടിൽ ആവശ്യമുണ്ട് " എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ മുണ്ടിക്കുന്നേൽ ഏജൻസീസ്, പട്ടിമറ്റം എന്ന സ്ഥാപനത്തിൽ നിന്നും ആഞ്ഞിലി കട്ടിൽ ഒന്നിന് ₹4,350/- നിരക്കിൽ 113 കട്ടിൽ വാങ്ങിയതായി കാണുന്നു. മേൽ ടെണ്ടർ നോട്ടീസിൽ താഴെ പറയും പ്രകാരം ടെണ്ടറുകൾ ലഭിച്ചിരുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് ₹ | റിമാർക്സ് |
|---|---|---|---|
| 1 | ജിതിൻ കെ. ജോർജ് | 4250/- | ഇനം രേഖപ്പെടുത്തിയിട്ടില്ല |
| 2 | എം.എച്ച്.ഏജൻസീസ്, പാല | 4350/- ആഞ്ഞിലി തടി<br>3650/- സ്റ്റീൽ | |
| 3 | മുണ്ടിക്കുന്നേൽ ഏജൻസീസ്, പട്ടിമറ്റം | 4350/- ആഞ്ഞിലി തടി<br>3590/- സ്റ്റീൽ | |

സ്റ്റീൽ കട്ടിൽ വാങ്ങുന്നതിന് വിളിച്ച ടെണ്ടറിൽ ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലിന്റെ നിരക്ക് രേഖപ്പെടുത്തുകയും മറ്റൊരു മത്സരാധിഷ്ഠിത ടെണ്ടർ വിളിക്കാതെ ഇനം മാറ്റി മരം കൊണ്ട് നിർമ്മിച്ച കട്ടിൽ വാങ്ങുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് അടങ്കൽ ₹4,90,000/- നിജപ്പെടുത്തിയിരിക്കുന്നതിനാൽ ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാകുകയും ചെയ്തിരിക്കുന്നു. ജിതിൻ കെ. ജോർജ് സമർപ്പിച്ച ടെണ്ടറിൽ ഇനം രേഖപ്പെടുത്താതെ കട്ടിൽ എന്ന് മാത്രം രേഖപ്പെടുത്തി ₹4,250/- നിരക്ക് രേഖപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടുള്ള ടെണ്ടർ രജിസ്റ്ററിൽ ജിതിൻ കെ. ജോർജിന്റെ ടെണ്ടർ പ്രകാരം സ്റ്റീൽ ₹4,200/-, തടി ₹4,200/- എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ടെണ്ടർ നോട്ടീസിൽ ഉൾപ്പെടാത്ത ഇനം ലഭിച്ചിട്ടുള്ള ടെണ്ടറിൽ ചിലതിൽ രേഖപ്പെടുത്തിയിരുന്നു എന്ന കാരണത്താൽ വാങ്ങൽ നടത്തിയതിനാൽ മത്സരാധിഷ്ഠിതമായ ടെണ്ടർ നടപടി നടക്കാതിരിക്കുകയും കുറഞ്ഞ വിലയിൽ സാധനങ്ങൾ ലഭിച്ച എന്ന് ഉറപ്പാക്കുവാൻ കഴിയാതിരിക്കുകയും ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് 11.08.2021-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രോജക്ട് 2018-19-ൽ സെക്രട്ടറി ഏറ്റെടുത്ത് നിർവ്വഹണം നടത്തിയതാണെന്നും ഫണ്ട് നൽകുവാൻ ഇല്ലാത്തിനാൽ 2019-20-ൽ തുക നൽകുവാനായി പദ്ധതി ഏറ്റെടുത്തിരുന്നു എന്നും 30.06.2020-ൽ സെക്രട്ടറി വിരമിച്ചതിനാൽ തുക നൽകുവാൻ മാത്രം പഞ്ചായത്ത് ഭരണ സമിതി അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. സെക്രട്ടറി ഏറ്റെടുത്ത പദ്ധതി നിർവ്വഹണത്തിന് ശേഷം ബിൽ നൽകുവാൻ മാത്രമായി അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ടെണ്ടർ നോട്ടീസിൽ ഉൾപ്പെടാത്ത ഇനം വാങ്ങിയത് വാങ്ങൽ നടപടി ക്രമങ്ങളിലെ ഗുരുതര വീഴ്ചയാണ്. ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു. ചെലവ് തുക ₹4,90,000/- തടസ്സപ്പെടുത്തുന്നു.

## 1-24 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2020 ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ താഴെപറയുംപ്രകാരം നീക്കിയിരിപ്പ് ഉണ്ട്. വിവിധ പ്രോജക്ടുകൾക്കായി കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാലും വ്യക്തമായ പരാമർശം ഉൾപ്പെടുത്താതെ വരവെടുത്തിട്ടുള്ളതാനാലും വിവിധ ശീർഷകങ്ങളിൽ നൽകിയിരിക്കുന്ന തുകകളുടെ ആധികാരികത വ്യക്തമല്ല. അതിനാൽ, തന്നെ അനുവദിച്ച ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാതെ ലാപ്സായി പോകുന്നതിനും വകമാറ്റി ചെലവഴിക്കുന്നതിനും സാധ്യതയുണ്ട്. ബാലൻസ് ഷീറ്റിൽ നൽകിയിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് അവ അനുവദിച്ച ഉദ്ദേശ്യത്തിനു തന്നെ, തുക ലാപ്സായി പോകാതെ, വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100115 (TSC) | 1083512 |
| 2 | 320100121 (ICDS) | 616750 |
| 3 | 320200103 | 12007089 |
| 4 | 320200207 | 297271 |
| 5 | 320200322 ശുചിത്വമിഷൻ | 449752 |
| 6 | 320200311 | 154270 |
| 7 | 320300102 (ജലനിധി) | 5948118 |
| 8 | 320300103 | 35750 |
| 9 | 320300199 | 15736287 |
| 10 | 320700204 | 107350 |
| 11 | 320800299 | 80657 |
| 12 | 320900299 | 300000 |

## 1-25 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

താഴെപറയുന്ന രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

### 1-25-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-25-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-25-3 . സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-25-4 .സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-25-5 .ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് അപ്ഡേറ്റ് ചെയ്തിട്ടില്ല. അതിനാൽ തുക ഒടുക്കിയിട്ടുള്ള സംഗതികളിലും ബാദ്ധ്യത നിലനിൽക്കുന്നു.

1-25-6. ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-26 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം - ഫലപ്രദമല്ല

വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. പഞ്ചായത്തിൽ 14 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണ പ്രക്രിയയിൽ നവ മാദ്ധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും ശ്രമിക്കേണ്ടതാണ്.

1-27 വാർഷിക പ്രൊക്യൂർമെന്റ് സംബന്ധിച്ച്

സർക്കാർ ഉത്തരവ് ജി.ഒ. (പി)259/2010/എൽ.എസ്.ജി.ഡി തിയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കുവാൻ മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത്രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം,

അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്തു നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻനിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-29 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.02.2016-ലെ സർക്കാർ ഉത്തരവ് (സാധാ.) 409/16 പ്രകാരം അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈയിനത്തിൽ മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയ ₹1158522/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## ഭാഗം -2

2-1 വാടക ഈടാക്കിയില്ല നഷ്ടം ₹33460/-.

മറയൂർ ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുത്തതിൽ താഴെ പരാമർശിക്കുന്ന വാടകക്കാർ തുക അടവാക്കാത്തതിനാൽ നഷ്ടം വന്നതായി കാണുന്നു.

| ക്രമ നം | വാടകക്കാർ | മുറി നം & പ്രതിമാസ വാടക | മുടക്ക് വരുത്തിയ മാസം | കുടിശിക തുക ₹ |
|---|---|---|---|---|
| 1 | ശ്രീ. ജോയ്സ് ജോൺ, കോട്ടക്കുളം, മാശിവയൽ, മറയൂർ | മുറി നം : 11 ₹2205 | 4/2019 മുതൽ 3/2020 വരെ | 26460 |
| 2 | ശ്രീ രാജേന്ദ്രൻ, ബാലാജിഭവൻ, പട്ടിക്കാട് മറയൂർ | മുറി നം : 12 ₹3500 | 02/2020 മുതൽ 3/2020 വരെ | 7000 |
| ആകെ | | | | 33460 |

മേൽ വാടകക്കാരുടെ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം 29 തീയതി : 12.08.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിശികക്കാരിൽ നിന്നും പ്രസ്തുത തുക 18% ജി.എസ്.റ്റി 1% പ്രളയസെസ്, നിയമാനുസൃത പലിശ എന്നിവ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഭാഗം -3

3-1 ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത- നഷ്ടം ₹66000/-

| | |
|---|---|
| പ്രോജക്ട് | S0179/19, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | ₹300000/- (വികസന ഫണ്ട് എസ്.സി.പി.) |
| ബിൽ നം./ തീയതി /തുക | 19100352013800039580 /05.04.2019/ ₹300000/- |

2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തതും 2019-20 ൽ നടപ്പാക്കിയതുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) എന്ന പദ്ധതി പ്രകാരം മേശയും കസേരയും വാങ്ങുന്നതിനായി "മേശയും കസേരയും യൂണിറ്റിന് ₹5000/- താഴെയുള്ളത് സ്റ്റീൽ/ഗുണമേന്മയുള്ള പ്ലൈവുഡ്" എന്ന് രേഖപ്പെടുത്തിയാണ് 26.01.2019-ൽ ടെണ്ടർ ക്ഷണിച്ചത്. ആയതിന് താഴെ പറയും പ്രകാരം ടെണ്ടർ ലഭിച്ചു.

| ക്രമ നം. | സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|---|
| 1 | ജെയ്സൺ ഇംപക്സ്, മുത്തോലി | Steel Table With Novapan Top With 3 Year Warranty,<br>സ്റ്റീൽ കസേര | ₹3400/-<br>₹ 1150/- |
| 2 | ഒലീവിയ ഹോം വേൾഡ്, ഇരുമ്പുപാലം | Fully Novapan With Cuboad<br>പ്ലാസ്റ്റിക് കസേര | ₹ 4500-<br>₹500/- |

ലഭിച്ച ടെണ്ടറിൽ ജെയ്സൺ ഇംപെക്സ് എന്ന സ്ഥാപനം Steel Table With Novapan Top (3 Year Warranty) എന്ന ഇനത്തിന് ₹3400/- യും സ്റ്റീൽ കസേര ₹1150/- ക്വോട്ട് ചെയ്തിട്ടും ആയത് പരിഗണിക്കാതെ ഒലീവിയ ഹോം വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും Fully Novapan With Cabord എന്ന മേശ ₹4500/- യ്ക്കും ഗുണനിലവാരം താരതമ്യേന കുറഞ്ഞ പ്ലാസ്റ്റിക് കസേര ₹500/- നിരക്കിലും സമർപ്പിച്ചത് 12.02.2019-ൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയും 16.02.2019-ലെ (തീരുമാന നമ്പർ 1(4)) പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചിരിക്കുകയും 60 മേശയും 60 പ്ലാസ്റ്റിക് കസേരയും വാങ്ങൽ നടത്തുകയും ചെയ്തിരിക്കുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഫർണിച്ചർ പരിശോധിക്കുവാൻ ക്ഷമതയുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടില്ല. താരതമ്യേന ബലവും ഈടും കൂടിയതും കുറഞ്ഞ വില രേഖപ്പെടുത്തിയതുമായ സ്റ്റീൽ മേശ വാങ്ങാതെ ടെണ്ടർ പരസ്യത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്ലാസ്റ്റിക് കസേരയും, തണുപ്പുള്ള പ്രദേശങ്ങളിൽ കൂടുതൽ വേഗത്തിൽ നശിച്ച് പോകുവാൻ സാദ്ധ്യതയുള്ളതും വില കൂടിയതുമായ നൊവോപാൻ നിർമ്മിതമായ മേശ വാങ്ങുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. സ്റ്റീൽ കസേരയ്ക്ക് പകരം വിലകുറവുള്ള കസേര വാങ്ങിയതിനാൽ കുറഞ്ഞ വിലയുടെ കസേര എന്നത് സാമ്പത്തിക ലാഭം പരിഗണിക്കേണ്ടതില്ല. എന്നാൽ ₹3400/-യുടെ കൂടുതൽ കാലം ഈട് നിൽക്കുന്ന സ്റ്റീൽ മേശയ്ക്ക് പകരം ₹ 4500/- യുടെ ഈർപ്പം/തണുപ്പുള്ള പ്രദേശങ്ങളിൽ വേഗത്തിൽ കേടുപാടുകൾ സംഭവിക്കാവുന്ന Fully Novapan With Cuboard മേശ വാങ്ങിയതുമൂലം ഒരു മേശയ്ക്ക് ₹1100/- നിരക്കിൽ 60 മേശയ്ക്ക് ആകെ ₹66000/- അധികമായി നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 09.08.2021-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 08) ലഭ്യമാക്കിയ മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും തീരുമാനപ്രകാരമാണ് ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം അധികമായി ചെലവഴിച്ച തുക കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റിയംഗങ്ങൾക്കും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിക്കും തുല്യ ബാദ്ധ്യതയായി കണക്കാക്കി നഷ്ടതുക തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ കൂടിയ നിരക്കിൽ വാങ്ങിയതിനാൽ ആകെ ചെലവിൽ 66000/- രൂ. കിഴിച്ച് ബാക്കി ചെലവ് 2,34,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 1136320 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 1136320 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 1518575 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 1518575 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 350000 | ലൈഫ് ഭവനപദ്ധതി (റ്റി.എസ്.പി) | 350000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് | ബിൽ നം.19100352013701092614/ | 200000 | 200000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി | 16.1.2020 | | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പാ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ലോൺ വിശദാംശങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല. വാർഷിക കണക്ക് പ്രകാരം തൻവർഷം സഹകരണബാങ്കിൽ നിന്നും ₹300000/-ജവഹർ ഭവന പദ്ധതിക്കായും കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും ₹82861630/-ലൈഫ് പദ്ധതിക്കായും വരവ് ഉണ്ട്. വർഷാവസാനം യഥാക്രമം ₹6933038/-യും ₹95749530/-യും വായ്പാ ഇനത്തിൽ പ്രസ്തുത അക്കൗണ്ടുകളിൽ തിരിച്ചടക്കുവാൻ അവശേഷിക്കുന്നു. വായ്പ അനുവദിച്ച ഉത്തരവ് നം./തീയതി, വർഷാരംഭത്തിലുള്ള വായ്പ, തൻവർഷം ലഭിച്ച വായ്പ, തിരിച്ചടവ്, നീക്കിയിരിപ്പ് ഇവ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1. | 2006-07 2.5 | 2009-10 | 2-6 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം ₹58,260/- | തുടരുന്നു |
| 2. | 2014-15 2.3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | |

4-9 ചാർജ് / സർച്ചാർജ് നടപടികളുടെ വിവരം

എ.ചാർജ് നടപടികളുടെ വിവരം

ഇല്ല

ബി.സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | സർട്ടിഫിക്കറ്റ് നം. | | സ്വയം അടവാക്കിയ തുക, രസീത് നം. തീയതി | റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയ തുക ₹ | ഉൾപ്പെട്ട തുക |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 1996-97 | 31,34, 36, 47(2) | വി.ആർ. കരുണാകരൻ സെക്രട്ടറി | LF/1989/ Spl. Cell/ SC2/ 2000 Dt. 16-08-01 | 7349+ Interest For 6912@18% | | | |
| 2 | 1998-99 | 36 | എ.വർഗ്ഗീസ്, സെക്രട്ടറി | LF/16860/ Spl. Cell/ SC2/02 | 2500 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | Dt. 06-05-03 | | | | |
| 3 | 2000-01 | 27 | എ.വർഗ്ഗീസ്, സെക്രട്ടറി | LF/8987/ Spl.Cell/ SC2/04 Dt. 30.04.05/ 01.06.05 | 923 | | | |
| 4 | 2002-03 | 3-6 | ഇ.കെ.രവി സെക്രട്ടറി | LF/10180/ Spl.Cell/ SC2/06 Dt.13.02.07/ 16.03.2007 | 1067 | | | |
| 5 | 2003-04 | 3-7 | കെ.ശശിധരൻ സെക്രട്ടറി | LF/19648/ Spl.Cell/ SC2/07 Dt.27.01.10 | 6922 | | | |
| 6 | 2005-06 | 3-4 (Part) | ജോയി തോമസ് അസി. എഞ്ചിനിയർ. | LF/2112/ Spl.Cell/ SC2/09 Dt. 16-04-11 | 1189 | 2378/- Rt.No. 11305100701/ 31-10-13 | | |
| 7 | 2005-06 | 3-4 (Part) | കെ. മോഹൻ ബാബു എക്സിക്യൂട്ടീവ് എഞ്ചിനിയർ | LF/2112/ Spl.Cell/ SC2/09 Dt.16-04-11 | 1189 | | | |
| 8 | 2009-10 | 3-11 | എസ് രാജേന്ദ്രൻ അസി. എക്സികട്ടീവ് എഞ്ചിനിയർ | LF/8728/ Spl.Cell/ CSC/C1/ 14(2) Dt. 05-09-16 | 13914 | | | |
| 9 | 2009-10 | 3-6 & 3-7 (Part) | എസ്. കെ. ശ്രീനിവാസൻ നായർ സെക്രട്ടറി | LF/8728/ Spl.Cell/ CSC/C1/ 14(1) Dt. 05-09-16 | 45192 | | | |
| 10 | 2011-12 | 3-1 | സി. ശശീന്ദ്രൻ സെക്രട്ടറി | KSA/7771/ Spl.Cell/ CSC/C1/ 2015 | 131044 | | | |
| 11 | 2011-12 | 3-2 | യേശുദാസ് എക്സ്. | KSA/7771/ Spl.Cell/ CSC/C1/ 2015 | 30680 | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 159191156 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 155434436 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 33460 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 66000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4405740 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ് | സർചാർജ് | | |

| | | | | | |
|---|---|---|---|---|---|
| | ചെയ്യാവുന്നവ | | ചെയ്യാവുന്നവ | | |
| 2-1 | 33460 | 6615 | | ശ്രീ.പി.വിജയകുമാർ,സെക്രട്ടറി | |
| | | 4410 | | ശ്രീ.പി.ജബരാജ് , അസിസ്റ്റന്റ് സെക്രട്ടറി | |
| | | 11025 | | ശ്രീ.രഞ്ജിത്.വി,സെക്രട്ടറി | |
| | | 11410 | | ശ്രീ.സോണി മാത്യു, സെക്രട്ടറി | |
| 3-1 | | | 66000 | ശ്രീ.സോണി മാത്യു, സെക്രട്ടറി | |
| | | | | ശ്രീ.പി.ജബരാജ് , അസിസ്റ്റന്റ് സെക്രട്ടറി | 4718 |
| | | | | ശ്രീമതി ദീപ അരുൾജ്യോതി മെമ്പർ, വാർഡ് -1 | 4714 |
| | | | | ശ്രീ.ആരോഗ്യദാസ് മെമ്പർ, വാർഡ്-2 | 4714 |
| | | | | ശ്രീ.ബാലകൃഷ്ണൻ, മെമ്പർ, വാർഡ് -3 | 4714 |
| | | | | ശ്രീ.ജോമോൻ തോമസ്, മെമ്പർ, വാർഡ്-4 | 4714 |
| | | | | ശ്രീമതി ശാന്തി തങ്കവേലു, മെമ്പർ, വാർഡ് -5 | 4714 |
| | | | | ശ്രീമതി ശരണ്യ രാജൻ, മെമ്പർ, വാർഡ് -6 | 4714 |
| | | | | ശ്രീമതി ഉഷ കുമാരി, മെമ്പർ, വാർഡ് -7 | 4714 |
| | | | | ശ്രീ.മുരുകവേൽ, മെമ്പർ, വാർഡ്- 8 | 4714 |
| | | | | ശ്രീ.ഫ്രാൻസിസ് കെ.വി, മെമ്പർ, വാർഡ് -9 | 4714 |
| | | | | ശ്രീ.ബാലകൃഷ്ണൻ വി.,മെമ്പർ, വാർഡ് – 10 | 4714 |
| | | | | ശ്രീമതി ശാന്തി മാരി, മെമ്പർ, വാർഡ് – 11 | 4714 |
| | | | | ശ്രീമതി റെജീന ജോസഫ്,മെമ്പർ, വാർഡ് – 12 | 4714 |
| | - | | | ശ്രീമതി സഹായമേരി, മെമ്പർ, വാർഡ് – 13ശ്രീ.രഞ്ജിത്.വി,സെക്രട്ടറി | 4714 |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-15 | 113000 | ശ്രീ.രഞ്ജിത്.വി,സെക്രട്ടറി | |
| 1-16 | 234000 | പി.ജബരാജ് , അസിസ്റ്റന്റ് സെക്രട്ടറി | 16718 |
| | | ദീപ അരുൾജ്യോതി, ലക്ഷ്മി ഇല്ലം, പുതുച്ചിവയൽ, മറയൂർ, ഭരണസമിതിയംഗം | 16714 |
| | | ആരോഗ്യദാസ്, അജീഷ് ഭവൻ, മേലാടി, മറയൂർ,ഭരണസമിതിയംഗം | 16714 |
| | | ബാലകൃഷ്ണൻ, ലോകനായകം, പട്ടിക്കാട്, മറയൂർ,ഭരണസമിതിയംഗം | 16714 |
| | | ജോമോൻ തോമസ്, കൊച്ചേത്ത്, സഹായഗിരി, മറയൂർ, ഭരണസമിതിയംഗം | 16714 |
| | | ശാന്തി തങ്കവേലു, വിഘ്നേഷ് ഭവൻ, പട്ടംകോളനി മറയൂർ,ഭരണസമിതിയംഗം | 16714 |
| | | ശരണ്യ രാജൻ, കമ്മിട്ടാംകുഴി, മറയൂർ, ഭരണസമിതിയംഗം | 16714 |
| | | ഉഷ കുമാരി, ജവഹർ നഗർ, മറയൂർ, ഭരണസമിതിയംഗം | 16714 |
| | | മുരുകവേൽ, പട്ടിക്കാട്, മറയൂർ,ഭരണസമിതിയംഗം | 16714 |
| | | ഫ്രാൻസിസ് കെ.വി, കല്ലിങ്കൽ, മാശി15(1d)വയൽ, മറയൂർ,ഭരണസമിതിയംഗം | 16714 |
| | | | |

| | | | |
|---|---|---|---|
| | | ബാലകൃഷ്ണൻ വി., ഊരുവാസൽ, മേലാടി, മറയൂർ, ഭരണസമിതിയംഗം) | 16714 |
| | | ശാന്തി മാരി, നാച്ചിവയൽ എസ്.സി. കോളനി, മറയൂർ,ഭരണസമിതിയംഗം15(1d) | 16714 |
| | | റെജീന ജോസഫ്, തെ)ക്കേൽ, ആനക്കാപ്പെട്ടി, മറയൂർ,ഭരണസമിതിയംഗം | 16714 |
| | | സഹായമേരി, പള്ളനാ)ട്, മറയൂർ,ഭരശ്രീ.പി.വിജയകമാർ,സെക്രട്ടറിണസമിതിയംഗം | 16714 |
| 1-17 | 600000 | ശ്രീ.രഞ്ജിത്.വി,സെക്രട്ടറി) | |
| 1-18 | 569875 | 199150/-ശ്രീ.പി.വിജയകമാർ,സെക്രട്ടറി<br>125410/-ശ്രീ.രഞ്ജിത്.വി,സെക്രട്ടറി<br>24515/-ശ്രീ.സോണിമാത്യു,സെക്രട്ടറി | |
| 1-19 | 610424/- | ശ്രീ.പി.ജബരാജ്,സെക്രട്ടറി-ഇൻ-ചാർജ്ജ് | |
| 1-20 | 588441/- | 395787/-ശ്രീ.രഞ്ജിത്.വി),സെക്രട്ടറി<br>192654/-ശ്രീ.പി.ജബരാജ്, സെക്രട്ടറി-ഇൻ-ചാർജ്ജ് | |
| 1-21 | 10,00,000/- | ശ്രീ.പി.വിജയകമാർ,സെക്രട്ടറി | |
| 1-22 | 200000/- | ശ്രീ.പി.ജബരാജ്,സെക്ര)ട്ടറി-ഇൻ-ചാർജ്ജ് | |
| 1-23 | 490000/- | പി.ജബരാജ് , അസിസ്റ്റന്റ് സെക്രട്ടറി | 35000 |
| | | ദീപ അരുൾജ്യോതി, ലക്ഷ്മി ഇല്ലം, പുതുച്ചിവയൽ, മറയൂർ, ഭരണസമിതിയംഗം | 35000 |
| | | ആരോഗ്യദാസ്, അജീഷ് ഭവൻ, മേലാടി, മറയൂർ,ഭരണസമിതിയംഗം | 35000 |
| | | ബാലകൃഷ്ണൻ, ലോകനാ)യകം, പട്ടിക്കാട്, മറയൂർ,ഭരണസമിതിയംഗം | 35000 |
| | | ജോമോൻ തോമസ്, കൊച്ചേത്ത്, സഹായഗിരി, മറയൂർ, ഭരണസമിതിയംഗം) | 35000 |
| | | ശാന്തി തങ്കവേലു, വിഘ്നേഷ് ഭവൻ, പട്ടംകോളനി മറയൂർ,ഭരണസമിതിയംഗം | 35000 |
| | | ശരണ്യ രാജൻ, കമ്മിട്ടാംകഴി, മറയൂർ, ഭരണസമിതിയംഗം | 35000 |
| | | ഉഷ കുമാരി, ജവഹർ നഗർ, മറയൂർ, ഭരണസമിതിയംഗം | 35000 |
| | | മുരുകവേൽ, പട്ടിക്കാട്, മറയൂർ,ഭരണസമിതിയംഗം | 35000 |
| | | ഫ്രാൻസിസ് കെ.വി, കല്ലിങ്കൽ, മാശിവയൽ, മറയൂർ,ഭരണസമിതിയംഗം | 35000 |
| | | ബാലകൃഷ്ണൻ വി., ഊരുവാസൽ, മേലാടി, മറയൂർ, ഭരണസമിതിയംഗം | 35000 |
| | | ശാന്തി മാരി, നാച്ചിവയൽ എസ്.സി. കോളനി, മറയൂർ,ഭരണസമിതിയംഗം | 35000 |
| | | റെജീന ജോസഫ്, തെക്കേൽ, ആനക്കാപ്പെട്ടി, മറയൂർ,ഭരണസമിതിയംഗം | 35000 |
| | | സഹായമേരി, പള്ളനാട്, മറയൂർ,ഭരണസമിതിയംഗം | 35000 |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

1-23

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രഞ്ജിത്.വി<br>സെക്രട്ടറി | | ഇട്ടിപ്പാലത്തിൽ വീട്<br>കല്ലൂപ്പാറ പി.ഒ<br>തിരുവല്ല |
| ശ്രീ.പി.വിജയകമാർ<br>സെക്രട്ടറി | അടുത്തുൺപറ്റി | എം.പി.എൻ ഹൗസ്,<br>പാറശ്ശാല<br>തിരുവനന്തപുരം |
| ശ്രീ.സോണി മാത്യു<br>സെക്രട്ടറി | സെക്രട്ടറി<br>അയ്മനം ഗ്രാമപഞ്ചായത്ത് | തൊട്ടതാനിക്കൽ<br>അതിരമ്പുഴ<br>കാണക്കാരി പി.ഒ<br>കോട്ടയം |
| | | |

| | | |
|---|---|---|
| ശ്രീ.പി.ജബരാജ് അസി.സെക്രട്ടറി | അസി.സെക്രട്ടറി, വട്ടവട ഗ്രാമപഞ്ചായത്ത് | അശ്രുയേൽ കോട്ടജ് പട്ടിക്കാട് മറയൂർ, ഇടുക്കി |
| ദീപ അരുൾജ്യോതി | ഭരണസമിതിയംഗം, വാർഡ് നം.1 | ലക്ഷ്മി ഇല്ലം, പുതുച്ചിവയൽ, മറയൂർ, |
| ആരോഗ്യദാസ് | ഭരണസമിതിയംഗം, വാർഡ് നം.2 | അജീഷ് ഭവൻ, മേലാടി, മറയൂർ |
| ബാലകൃഷ്ണൻ | ഭരണസമിതിയംഗം, വാർഡ് നം.3 | ലോകനായകം, പട്ടിക്കാട്, മറയൂർ |
| ജോമോൻ തോമസ് | ഭരണസമിതിയംഗം, വാർഡ് നം.4 | കൊച്ചേത്ത്, സഹായഗിരി, മറയൂർ, |
| ശാന്തി തങ്കവേലു | ഭരണസമിതിയംഗം, വാർഡ് നം.5 | വിഘ്ലേഷ് ഭവൻ, പട്ടംകോളനി മറയൂർ |
| ശരണ്യ രാജൻ | ഭരണസമിതിയംഗം, വാർഡ് നം.6 | കമ്മിട്ടാംകുഴി, മറയൂർ, |
| ഉഷ കുമാരി | ഭരണസമിതിയംഗം, വാർഡ് നം.7 | ജവഹർ നഗർ, മറയൂർ |
| മുരുകവേൽ | ഭരണസമിതിയംഗം, വാർഡ് നം.8 | പട്ടിക്കാട്,മറയൂർ |
| ഫ്രാൻസിസ് കെ.വി | ഭരണസമിതിയംഗം, വാർഡ് നം.9 | കല്ലിങ്കൽ, മാശിവയൽ, മറയൂർ |
| ബാലകൃഷ്ണൻ വി | ഭരണസമിതിയംഗം, വാർഡ് നം.10 | ഊരുവാസൽ, മേലാടി, മറയൂർ |
| ശാന്തി മാരി | ഭരണസമിതിയംഗം, വാർഡ് നം.11 | നാച്ചിവയൽ എസ്.സി. കോളനി, മറയൂർ |
| റെജീന ജോസഫ് | ഭരണസമിതിയംഗം, വാർഡ് നം.12 | തെക്കേൽ, ആനക്കാപ്പെട്ടി, മറയൂർ |
| സഹായമേരി | ഭരണസമിതിയംഗം, വാർഡ് നം.13 | പള്ളനാട്, മറയൂർ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1968-69 | എൽ.എഫ്.ഐ.7-12/98 തീ.20.10.1997 | | |
| 1970-71 | എൽ.എഫ്.ഐ.7-12/98 തീ.20.10.1997 | | |
| 1971-72 | എൽ.എഫ്.ഐ.7-12/98 തീ. 20.10.1997 | | |
| 1973-74 | എൽ.എഫ്.ഐ.7-12/98 തീ. 20.10.1997 | | |
| 1975-76 | എൽ.എഫ്.ഐ.7-12/98 തീ.20.10.1997 | | |
| 1976-77 | എൽ.എഫ്.ഐ.7-12/98 തീ. 20.10.1997 | | |
| 1977-78 | എൽ.എഫ്.ഐ.7-12/98 തീ. 20.10.1997 | | |
| 1978-79 | എൽ.എഫ്.ഐ.7-12/98 തീ. 20.10.1997 | | |
| 1980-81 | എൽ.എഫ്.ഐ.6-236/82 തീ. 10.07.82 | | |
| 1981-82 | എൽ.എഫ്.ഐ.6-542/82 തീ. 20.01.83 | | |
| 1983-84 | എൽ.എഫ്.ഐ.6-275/84 തീ. 26.9.86 | | |

| | | | |
|---|---|---|---|
| 1985-86 | എൽ.എഫ്.ഐ.6-1/91<br>തീ. 15.01.91 | | |
| 1986-87 | എൽ.എഫ്.ഐ.6-1152/90<br>തീ. 08.03.91 | | |
| 1987-88 | എൽ.എഫ്.ഐ.6-236/92<br>തീ. 17.06.93 | | |
| 1988-89 | എൽ.എഫ്.ഐ.6-760/92<br>തീ. 17.06.93 | | |
| 1989-90 | എൽ.എഫ്.ഐ.6-760/92<br>തീ. 17.06.93 | | |
| 1990-91 | എൽ.എഫ്.ഐ.6-67/94<br>തീ. 30.03.94 | | |
| 1991-92 | എൽ.എഫ്.ഐ.6-67/94<br>തീ. 30.03.94 | | |
| 1992-93 | എൽ.എഫ്.ഐ.6-94/95<br>തീ. 20.03.95 | | |
| 1993-94 | എൽ.എഫ്.ഐ.6-94/95<br>തീ. 20.03.95 | | |
| 1994-95&<br>1995-96 | എൽ.എഫ്.ഐ.7-660/97<br>തീ. 24.02.98 | 26 | 3 മുതൽ 8 വരെ,<br>10 മുതൽ 13 വരെ,<br>15 മുതൽ 30 വരെ |
| 1996-97 | എൽ.എഫ്.ഐ.7-660/97<br>തീ. 24.02.98 | 19 | 5, 17, 31, 34, 36, 37, 38 (എ, ബി, സി), 39 മുതൽ 47 വരെ |
| 1997-98 | എൽ.എഫ്.ഐ.9/551/99/10.03.2000/<br>30.06.2000 | 18 | 1, 3, 4, 7, 8, 11, 12, 13, 17, 19 മുതൽ 27 വരെ |
| 1998-99 | എൽ.എഫ്.ഐ.7-624/2000<br>തീ. 05.03.01 | 18 | 21 മുതൽ<br>26 വരെ, 27(എ),<br>28 മുതൽ 38 വരെ |
| 1999-00 | എൽ.എഫ്.ഐ.9-363/01<br>തീ. 30.11.01 | 4 | 9, 19-1, 20, 22 |
| 2000-01 | എൽ.എഫ്.ഐ.9-691/02<br>തീ. 17.03.02 | 12 | 8, 9,23, 24,<br>27 മുതൽ 34 വരെ |
| 2001-02 | എൽ.എഫ്.ഐ.9-627/03<br>തീ. 30.01.04 | 7 | 2-1 മുതൽ<br>2-6 വരെ, 3-19 |
| 2002-03 | എൽ.എഫ്.ഐ.9-2/05<br>തീ. 01.03.05 | 12 | 2-1, 3-1 മുതൽ<br>3-9 വരെ, 4-8, 4-9 |
| 2003-04 | എൽ.എഫ്.ഐ.9-912/09<br>തീ. 26.10.09 | 13 | 2-1 മുതൽ 2-5 വരെ 3-1 മുതൽ<br>3-7 വരെ, 4-3 |
| 2004-05 | എൽ.എഫ്.ഐ.14-1226/12<br>തീ. 05.11.12 | 7 | 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ, 4-3 |
| 2005-06 | എൽ.എഫ്.ഐ.14-1220/12<br>തീ. 08.12.12 | 9 | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-4 വരെ, 4-3 |
| 2006-07 | എൽ.എഫ്.ഐ.14-357/11<br>തീ. 01.11.11 | 10 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-5 വരെ |
| 2007-08 | എൽ.എഫ്.ഐ.9-330/10<br>തീ. 15.07.11 | 22 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-18 വരെ |
| 2008-09 | എൽ.എഫ്.ഐ.14-979/11<br>തീ. 12.12.11 | 15 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-8 വരെ |
| 2009-10 | എൽ.എഫ്.ഐ.14-720/12<br>തീ. 12.04.13 | 11 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-4 വരെ,<br>3-6 മുതൽ 3-15 വരെ |
| 2010-11 | എൽ.എഫ്.ഐ.14-721/12<br>തീ. 05.02.13 | 11 | 2-1, 2-2 3-1 മുതൽ<br>3-9 വരെ |
| 2011-12 | എൽ.എഫ്.ഐ.14-1498/13<br>തീ.11.07.14 | 14 | 2-1, 2-2 3-1 മുതൽ<br>3-12 വരെ |

| | | | |
|---|---|---|---|
| 2012-13 & 2013-14 | എൽ.എഫ്.ഐ.14-336/13 തീ. 20.06.15/09.07.15 | 19 | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-12 വരെ, 3-14, 4-1, 4-4 |
| 2014-15 | നം. കെ.എസ്.എ./ഐ.ഡികെ/ 14/1014/2016/തീയതി. 28.07.2016 | 12 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-9 വരെ |
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ. 14/1561/2016/തീയതി. 11.11.2016 | 2 | 2-1, 3-1 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ. 8/1249(1)/2018/തീയതി. 09.02.2018 | 20 | ഭാഗം-1, 2-1, 2-2,<br>2-3, 2-4, 2-5, 3-1മുതൽ 3-15 വരെ |
| 2017-18 | നം.കെ.എസ്.എ.ഐ.ഡി.കെ. 8/93/2019/തീയതി. 28.02.2019 | 14 | 1-5,1-6, 1-12, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-8, 3-10, 3-11, 4-7 |
| 2018-19 | നം.കെ.എസ്.എ.ഐ.ഡി.കെ. 14/824/20/തീയതി. 22.02.2021 | 14 | 1-11,1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22, 1-23, 1-25, 1-26 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്